നം. NFTW/319/2017/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി: 19..10..2017.

പ്രേഷിതൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം:- ദേശീയ അദ്ധ്യാപകക്ഷേമ ഫൗണ്ടേഷൻ - 2015-2016 - കാലയളവിലെ പ്രൊഫഷണൽ ബിരുദ/ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന അദ്ധ്യാപകരുടെ മക്കൾക്കുളള സാമ്പത്തിക സഹായം അപേക്ഷ - സംബന്ധിച്ച്.

സൂചന:- 09-08-2017 ലെ കേന്ദ്രമാനവശേഷി വകുപ്പ് മന്ത്രാലയത്തിന്റെ കത്ത്.

********

ദേശീയ അദ്ധ്യാപകക്ഷേമ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന അദ്ധ്യാപകരുടെ മക്കൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. 2015-16 വർഷത്തിൽ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കളായ അദ്ധ്യാപകരിൽ നിന്നുളള അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. പൂരിപ്പിച്ച അപേക്ഷകൾ 2017 നവംബർ 30 നകം താഴെപറയുന്ന മേൽവിലാസത്തിൽ അയച്ചു തരേണ്ടതാണ്. കവറിനുപുറത്ത് **'ദേശീയ അദ്ധ്യാപക ക്ഷേമ ഫൗണ്ടേഷൻ പ്രൊഫഷണൽ സ്കോളർഷിപ്പ് 2015-16'** എന്നെഴുതിയിരിക്കണം.

അപേക്ഷ തപാലിൽ ലഭ്യമല്ല. അപേക്ഷയുടെ മാതൃക ഇതോടൊപ്പം നൽകുന്നു. കൂടാതെ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ അപേക്ഷ ലഭ്യമാണ്. പ്രസ്തുത പരിപാടിയെക്കുറിച്ച് അർഹരായ എല്ലാ അദ്ധ്യാപകർക്കും വിവരം കൈമാറുന്നതിനാവശ്യമായ നടപടികൾ താങ്കൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

**അപേക്ഷ ലഭിക്കേണ്ട മേൽവിലാസം :**

അസിസ്റ്റന്റ് സെക്രട്ടറി,
ദേശീയ അദ്ധ്യാപകക്ഷേമ ഫൗണ്ടേഷൻ,
പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
ജഗതി, തിരുവനന്തപുരം-695 014.

ഫോൺ നം. 0471-2580574, 0471-2335844

5298

email ചെയ്തു.

20/10

20/10/17

ഈ ഓഫീസിലെ നമ്പർ ബി/5298/17 തീയതി 11-17

കത്തിന്റെ പകർപ്പ് എല്ലാ ഗവ/എയിഡഡ് എൽ.പി/യു.പി പ്രധാനാദ്ധ്യാ

പകർക്കും അറിവിലേക്കായി അയക്കുന്നു.

2/11